**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1655** **11-09-2023 - ൽ മറുപടിയ്ക്ക്**

**വിദ്യാഭ്യാസ വായ്പകളിലെ റവന്യൂ റിക്കവറി നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാഭ്യാസ വായ്പകളിൽ റവന്യൂ വകുപ്പ് മുഖേന നടപ്പിലാക്കുന്ന റിക്കവറി നടപടികളിൽ നിയമ ഭേദഗതി വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (എ) | ഇല്ല. ബന്ധപ്പെട്ട വകുപ്പിലെ അർത്ഥനാധികാരി അർത്ഥന നൽകുന്ന മുറയ്ക്കാണ് റവന്യൂ വകുപ്പ് റിക്കവറി നടപടികൾ ആരംഭിക്കുന്നത്. നിലവിലെ റവന്യൂ റിക്കവറി നിയമ പ്രകാരം ലോൺ കുടിശ്ശിക എഴുതി തള്ളാനോ, പലിശ ഒഴിവാക്കി നൽകാനോ, ജപ്തി നടപടികൾ നിർത്തി വയ്ക്കാനോ റവന്യൂ വകുപ്പിന് അധികാരമില്ല. ആയതിനാൽ വിദ്യാഭ്യാസ വായ്പകൾക്ക് മാത്രമായി സാവകാശം അനുവദിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ വിവിധ ധനകാര്യ സ്ഥാപനങ്ങൾ അർത്ഥനാധികാരിയായ റവന്യൂ റിക്കവറി നടപടികളിൽ സാവകാശവും ഗഡുക്കളും അനുവദിക്കുന്നതിനുള്ള നിയമ ഭേദഗതി സർക്കാർ പരിഗണനയിലാണ്. |
| (ബി) | പ്രത്യേക പരിഗണന നൽകി വിദ്യാഭ്യാസ വായ്പകൾക്ക് റവന്യൂ റിക്കവറി നടപടികളിൽ സാവകാശം അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ? | (ബി) | ഇല്ല. ബന്ധപ്പെട്ട വകുപ്പിലെ അർത്ഥനാധികാരി അർത്ഥന നൽകുന്ന മുറയ്ക്കാണ് റവന്യൂ വകുപ്പ് റിക്കവറി നടപടികൾ ആരംഭിക്കുന്നത്. നിലവിലെ റവന്യൂ റിക്കവറി നിയമ പ്രകാരം ലോൺ കുടിശ്ശിക എഴുതി തള്ളാനോ, പലിശ ഒഴിവാക്കി നൽകാനോ, ജപ്തി നടപടികൾ നിർത്തി വയ്ക്കാനോ റവന്യൂ വകുപ്പിന് അധികാരമില്ല. ആയതിനാൽ വിദ്യാഭ്യാസ വായ്പകൾക്ക് മാത്രമായി സാവകാശം അനുവദിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ വിവിധ ധനകാര്യ സ്ഥാപനങ്ങൾ അർത്ഥനാധികാരിയായ റവന്യൂ റിക്കവറി നടപടികളിൽ സാവകാശവും ഗഡുക്കളും അനുവദിക്കുന്നതിനുള്ള നിയമ ഭേദഗതി സർക്കാർ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ